മഹാഗണിവൃക്ഷം വച്ചുപിടിപ്പിക്കൽ.

* 1586. [19] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സ്റ്റോറിൽ മഹാഗണിവൃക്ഷം വച്ചുപിടിപ്പിക്കുന്നതിനു് ഗവണ്മെൻറ വല്ല പദ്ധതിയും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്റ്റോറിലെ ഏതെല്ലാം ഭാഗങ്ങളിൽ എത്ര എക്കർ വീതമാണു് ഇത്തരം പദ്ധതികൾക്കായി മാറ്റിവയ്ക്കാനുദ്ദേശിക്കുന്നതു്;

(സി) ഈ പദ്ധതി നടപ്പിൽ വരുന്നതോടുകൂടി കുടികിടപ്പുകാരെ വരെ പുനരധിവാസം ചെയ്യിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) ഉണ്ടു്.

(ബി) നിലമ്പൂർ ഡിവിഷനിൽ 40 വയസ്സു് പ്രായംചെന്ന തേക്കിൻ തോട്ടങ്ങളിലും, തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു് ഓരോ റേഞ്ചിൻറെ അതുത്തിപ്രദേശങ്ങളിൽ ഒരു മൈൽ നീളം ഒരു ചങ്ങല വീതിയിലും മഹാഗണിവൃക്ഷം വച്ചുപിടിപ്പിക്കുവാനാണു് ഉദ്ദേശിക്കുന്നതു്.

(സി) ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനു് കുടിയിറക്കിൻറെ ആവശ്യമില്ല. അതിനാൽ പുനരധിവാസത്തിൻറെ പ്രശ്നം ഉദിക്കുന്നില്ല.

പവ്വർലൂം ട്രെയിനിംഗിനായി പുറത്തയച്ച വിദ്യാർത്ഥികൾ.

* 1587. [20] ശ്രീ. ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൗൺസ്സ്വോർട്ടവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും പവ്വർലൂം ട്രെയിനിംഗിനായി വിദ്യാർത്ഥികളെ പുറത്തയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്രപേരെ വീതം അയയ്ക്കുന്നു;

(സി) ഇവർ ട്രെയിനിംഗ് കഴിഞ്ഞുവരുമ്പോൾ കേരളം ഗവണ്മെൻറിൻറെ കീഴിൽ ജോലി നോക്കണമെന്ന വ്യവസ്ഥയുണ്ടോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സു്):

(എ) ഉണ്ടു്.

(ബി) 6 പേരെ വീതം അയയ്ക്കുന്നു.

(സി) 2 കൊല്ലക്കാലത്തേയ്ക്കു് ഗവണ്മെൻറ നിർദ്ദേശമനുസരിച്ചു് ജോലി ചെയ്യണമെന്ന വ്യവസ്ഥയുണ്ടു്.

ശ്രീ. ആർ. ഗോവിന്ദൻ: എവിടെയാണു് ട്രെയിനിംഗിനു് അയയ്ക്കുന്നതു്?

ശ്രീ. ടി. വി. തോമസ്സു്: ഗവർമ്മെൻറിലാണെന്നു് തോന്നുന്നു.

എ. ഇ. എസ്സു്. കേഡറിലേയ്ക്കുള്ള തിരഞ്ഞെടുപ്പു്.

* 1588. [21] ശ്രീ. എം. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറ സർവ്വീസിൽനിന്നു പ്രമോഷൻ കോട്ടാപ്രകാരമുള്ള എ. ഇ. എസ്സു്. കേഡറിലേയ്ക്കുള്ള തിരഞ്ഞെടുപ്പു് അവസാനമായി എന്നാണു നടന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരാണ് ഈ തിരഞ്ഞെടുപ്പു നടത്തുന്നത്; ഒരു സെലക്ഷൻ ബോർഡാണോ യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷനാണോ;

(സി) സെലക്ഷൻ ബോർഡാണെങ്കിൽ അതിലെ അംഗങ്ങളാരെല്ലാം;

(ഡി) ഈ ബോർഡ് എത്ര ഉദ്യോഗസ്ഥന്മാരെ ഇൻറർവ്യൂ ചെയ്തു; ഏതെടിസ്ഥാനത്തിലാണ് അവരെ ഇൻറർവ്യൂവിനു ക്ഷണിച്ചത്;

(ഇ) തിരഞ്ഞെടുക്കപ്പെട്ടവരിൽ എത്രപേർ മുൻ തിരുവിതാംകൂർ-കൊച്ചി സർവ്വീസിൽനിന്നും മുൻ മദിരാശി സർവ്വീസിൽനിന്നും ഉണ്ട്;

(എഫ്) സെലക്ഷൻ ബോർഡിൻറെ തീരുമാനം ഭേദഗതി ചെയ്യാൻ ഈ ഗവണ്മെൻറിനു് അധികാരമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) 1958 സെപ്റ്റംബറിൽ.

(ബി) കെ. എ. എസ്സ്. (അപ്പോയിൻറ്മെൻറ് ബൈ പ്രമോഷൻ) റെഗുലേഷൻസ് 1955-ലെ വ്യവസ്ഥകളനുസരിച്ച് സംഘടിപ്പിച്ച ഒരു കമ്മിറ്റിയാണ് സെലക്ഷൻ നടത്തുന്നത്.

(സി) താഴെ പറയുന്നവർ കമ്മിറ്റിയിലുണ്ടായിരിക്കും:

(1) യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ചെയർമാനോ അല്ലെങ്കിൽ അതിനെ പ്രതിനിധീകരിക്കുന്ന മെമ്പറോ (ചെയർമാൻ)

(2) ചീഫ് സെക്രട്ടറി (മെമ്പർ)

(3) റവന്യൂ ബോർഡ് ഒന്നാം മെമ്പർ (മെമ്പർ)

(4) റവന്യൂ സെക്രട്ടറി (മെമ്പർ)

(ഡി) 11 പേരെ ഇൻറർവ്യൂ ചെയ്തു. റൂളുകളനുസരിച്ച് 1-1-1958-ൽ നിശ്ചിതയോഗ്യതകളുള്ള എല്ലാ ആഫീസർമാരുടെ കാര്യവും പരിശോധിച്ചശേഷം കമ്മിറ്റിയുടെ കൂടുതൽ പരിശോധന സാധൂകരിക്കത്തക്ക റിക്കാർഡുകളുള്ള ആഫീസർമാരെ മാത്രം ഇൻറർവ്യൂ ചെയ്യുകയുണ്ടായി.

(ഇ) മുൻ തിരുവിതാംകൂർ-കൊച്ചി സർവ്വീസിൽനിന്നു ഉള്ളവരില്ല. മുൻ മദിരാശി സർവ്വീസിലുണ്ടായിരുന്ന ഒരാളുണ്ട്.

(എഫ്) ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എല്ലാ ആഫീസറന്മാരെയും ഇൻറർവ്യൂവിനു് വിളിക്കാറുണ്ടോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: എല്ലാപേരെയും വിളിക്കുന്ന ഏർപ്പാടില്ല. യോഗ്യതയുള്ള എല്ലാ ആഫീസറന്മാരുടെയും പേഴ്സണൽ പേപ്പേഴ്സ് നോക്കി അതിൻറെ അടിസ്ഥാനത്തിൽ ഇൻറർവ്യൂ നടത്തണമെന്നു കമ്മിറ്റിക്കു തോന്നുന്ന ആളുകളെ ഇൻറർവ്യൂവിനു വിളിക്കുകയായിരിക്കും ചെയ്യുന്നത്.

ബെൽമെറൽ വ്യവസായം.

* 1589. [22] ശ്രീ. ജി. പത്മനാഭൻ തമ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ബെൽമെറൽ വ്യവസായത്തിനു് എത്ര യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) മാന്നാർ കേന്ദ്രമായി അനുവദിച്ചിരുന്ന ബെൽമെറൽ യൂണിറ്റു് ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തതു് എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly